"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ. നഹാസ് സി. എൻ., അസിസ്റ്റന്റ് സർജൻ - ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1290/2024 മേലുള്ള 21.08.2024 തീയതിയിലെ ഉത്തരവ് അനുവർത്തനം ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2674/2024/H&FWD തീയതി,തിരുവനന്തപുരം, 07-11-2024

---

പരാമർശം:-

1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 12.08.2024 തീയതിയിലെ ഇഎ2-18270/2024/ആവഡ നമ്പർ നടപടി ക്രമം (Annexure A3).
2. ഡോ. നഹാസ് സി. എൻ. സമർപ്പിച്ച 13.08.2024 തീയതിയിലെ അപേക്ഷ (Annexure A4).
3. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ 1290/2024 മേലുള്ള 21.08.2024 തീയതിയിലെ ഉത്തരവ്.
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 10.09.2024 തീയതിയിലെ ഇഎ2-18270/2024/DHS നമ്പർ കത്ത്.

**ഉത്തരവ്**

കരുനാഗപ്പള്ളി നെഞ്ചുരോഗാശുപത്രിയിൽ നിന്നും സ്ഥലംമാറ്റി ഇടുക്കി നെടുങ്കണ്ടം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിയമിച്ച ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർശം (1) നടപടി ക്രമത്തിനെതിരെ ഡോ. നഹാസ് സി. എൻ. ബഹു.ട്രൈബ്യൂണൽ മുൻപാകെ OA 1290/2024 ഫയൽ ചെയ്തിരുന്നു.

2. പ്രസ്തുത OA യിന്മേലുള്ള പരാമർശം (3) ഉത്തരവിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭിച്ച തീയതി മുതൽ ആറ് ആഴ്ചയ്ക്കുള്ളിൽ, അപേക്ഷകനെ നേരിൽ കേട്ട ശേഷം പരാമർശം (2) അപ്പീൽ പരിഗണിച്ച് ഉചിതമായി തീരുമാനം എടുക്കുന്നതിന് ഒന്നാം എതിർ കക്ഷിക്ക് ബഹു. ട്രൈബ്യൂണൽ നിർദ്ദേശം നൽകിയിരുന്നു.

3. ബഹു. ട്രിബ്യൂണൽ നിർദ്ദേശിച്ച പ്രകാരം 01.10.2024 -ന് ചുവടെ ഒപ്പ് വച്ചിരിക്കുന്ന

ഉദ്യോഗസ്ഥ ഡോ. നഹാസ് സി. എൻ. - നെ നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേട്ട വേളയിൽ മെഡിക്കൽ ഓഫീസർ താഴെപ്പറയുന്ന വിവരങ്ങൾ ബോധിപ്പിച്ചിരുന്നു. ഡോ നഹാസ് സി എൻ 13-06-2008 ൽ ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ സർവ്വീസിൽ പ്രവേശിച്ചു. പൾമണറി മെഡിസിനിൽ റ്റി ബി സ്പെഷ്യാലിറ്റിയിൽ ബിരുദാനന്തര ബിരുദം നേടിയിട്ടുണ്ട്. ആശുപത്രിയിലെത്തുന്ന പാവപ്പെട്ടവരായ രോഗികളെ സാമ്പത്തികമായി സഹായിക്കുന്നതിനാൽ വളരെ സാധാരണക്കാരായ ധാരാളം രോഗികൾ ആശുപത്രിയിലെ ഒ പി യിൽ ചികിത്സ തേടിയെത്താറുണ്ട്. അവരെ മുഴുവൻ പരിശോധിച്ച ശേഷമാണ് ഡ്യൂട്ടി അവസാനിപ്പിക്കാറുള്ളത്. അതിനാൽ ഒ പി പലപ്പോഴും ഉച്ച കഴിഞ്ഞ് 3 മണിക്ക് ശേഷവും പ്രവർത്തിക്കാറുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ സ്ഥലംമാറ്റ ഉത്തരവിൽ പ്രൈവറ്റ് പ്രാക്ടീസ് നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പ്രൈവറ്റ് പ്രാക്ടീസ് നടത്തുന്നതായും, പത്ത് വർഷമായി കരുനാഗപ്പള്ളി നെഞ്ചുരോഗാശുപത്രിയിൽ ജോലി ചെയ്തു വരുന്നു എന്നും കാണിച്ച് കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസർ അയച്ച കത്തിന്റെ അടിസ്ഥാനത്തിലാണ് ഇടുക്കിയിലേക്ക് സ്ഥലംമാറ്റം നൽകുന്നതെന്ന് രേഖപ്പെടുത്തിയിരുന്നു. ഒരു നെഞ്ചുരോഗ വിദഗ്ധൻ എന്ന നിലയിൽ പലപ്പോഴും കരുനാഗപ്പള്ളി നെഞ്ചുരോഗാശുപത്രിയിലേക്ക് സ്ഥലംമാറ്റം ലഭിച്ചിട്ടുണ്ട്. ശാസ്താംകോട്ട താലൂക്ക് ആശുപത്രിയിൽ ജോലി ചെയ്ത് വരവെ 30-05-2022 ലെ ഉത്തരവ് പ്രകാരം കരുനാഗപ്പള്ളി നെഞ്ചുരോഗാശുപത്രിയിലേക്ക് സ്ഥലംമാറ്റം നൽകിയിരുന്നു. 01-06-2022 ൽ കരുനാഗപ്പള്ളി നെഞ്ചുരോഗാശുപത്രിയിൽ ചുമതലയേറ്റു. കരുനാഗപ്പള്ളി നെഞ്ചുരോഗാശുപത്രിയിൽ 01-06-2022 മുതൽ രണ്ട് വർഷ സേവനം പൂർത്തിയാക്കിയിരുന്നു. കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസറുടെ പരിശോധന റിപ്പോർട്ടിൽ സ്വകാര്യ പ്രാക്ടീസ് മാനദണ്ഡങ്ങൾ ലംഘിച്ചാണ് പ്രാക്ടീസ് ചെയ്യുന്നത് എന്ന് പരാമർശിച്ചിട്ടില്ല. ആശുപത്രിക്ക് സമീപം വീട് വാടകക്ക് എടുത്ത് പരിശോധന നടത്തുന്നുവെന്നും പരിശോധന സ്ഥലത്തു നിന്നും മരുന്ന് കുറിച്ച് നൽകുക മാത്രമേ ചെയ്യുന്നുള്ളൂ എന്നുമാണ് ടി അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലായി രേഖപ്പെടുത്തിയിട്ടുള്ളത്. ഇത്തരത്തിലുള്ള നടപടി സ്വീകരിക്കുന്നതിന് മുൻപ് യാതൊരുവിധ വിശദീകരണവും വകുപ്പ്മേധാവി ആവശ്യപ്പെട്ടിട്ടില്ല. കരുനാഗപ്പള്ളി നെഞ്ചുരോഗാശുപത്രിയിൽ രണ്ട് വർഷം മാത്രമേ തുടർച്ചയായ സേവനം ആയിട്ടുള്ളൂ. മൂന്ന് വർഷത്തിൽ കൂടുതൽ ഒരു സ്ഥാപനത്തിൽ ജോലി ചെയ്ത് വരുന്ന ജീവനക്കാരെയാണ് സ്ഥലംമാറ്റത്തിന് വിധേയമാക്കേണ്ടത്. പൊതുസ്ഥലംമാറ്റ നടപടികളുടെ ഭാഗമായി പ്രസിദ്ധീകരിച്ച കരട് സ്ഥലംമാറ്റ പട്ടികയിലും സ്ഥലംമാറ്റ ലിസ്റ്റ് അന്തിമമാക്കിയപ്പോഴും പേര് ഉൾപ്പെട്ടിരുന്നില്ല. പൊതുസ്ഥലംമാറ്റത്തിൽ ഉൾപ്പെടാതിരുന്ന

ജീവനക്കാരനെ പത്ത് വർഷമായി ഒരേ സ്ഥലത്ത് ജോലി ചെയ്തു എന്ന കാരണം തെറ്റായി കാണിച്ച് മൂന്ന് ജില്ലകൾക്ക് അപ്പുറത്തേക്ക് സ്ഥലംമാറ്റുന്നത് സർക്കാർ നടപടികൾക്ക് വിരുദ്ധമാണ്. ആയതിനാൽ കരുനാഗപ്പള്ളി നെഞ്ചുരോഗാശുപത്രിയിൽ നിന്നും ഇടുക്കി നെടുങ്കണ്ടം താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്ക് സ്ഥലംമാറ്റിയ ഉത്തരവ് റദ്ദ് ചെയ്ത് കരുനാഗപ്പള്ളി നെഞ്ചുരോഗാശുപത്രിയിൽ മൂന്ന് വർഷം പൂർത്തിയാക്കുന്നതിന് അനുവദിക്കണം.

4. പ്രസ്തുത വിഷയം സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. കൊല്ലം കരുനാഗപ്പള്ളി നെഞ്ചുരോഗാശുപത്രിയിലെ അസിസ്റ്റന്റ് സർജനായ ഡോ നഹാസിനെതിരെ പരാതികൾ ലഭിച്ചിരുന്നു. സ്വകാര്യ ചികിത്സാ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ഡോ. നഹാസ് പ്രൈവറ്റ് പ്രാക്ടീസ് നടത്തി വരുന്നതായി കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ടിയാന്റെ ആകെ സേവന കാലയളവായ 15 വർഷം കണക്കാക്കിയാൽ അതിൽ 11 വർഷത്തിൽ കൂടുതൽ ഡോ. നഹാസ് കൊല്ലം കരുനാഗപ്പള്ളി നെഞ്ചുരോഗാശുപത്രിയിൽ തന്നെയാണ് പ്രവർത്തിച്ചിരുന്നത്. ആയതിനാൽ ടിയാനെ നിലവിലെ സ്ഥാപനമായ കൊല്ലം കരുനാഗപ്പള്ളി നെഞ്ചുരോഗാശുപത്രിയിൽ നിന്നും സ്ഥലംമാറ്റണമെന്ന് കൊല്ലം ജില്ല മെഡിക്കൽ ഓഫീസർ ശുപാർശ ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഭരണപരമായ കാരണങ്ങളാൽ കൊല്ലം കരുനാഗപ്പള്ളി നെഞ്ചുരോഗാശുപത്രിയിൽ നിന്നും ഡോ. നഹാസിനെ ഇടുക്കി നെടുങ്കണ്ടം താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്ക് സ്ഥലംമാറ്റിയിരുന്നു. ടിയാനെ കൊല്ലം കരുനാഗപ്പള്ളി നെഞ്ചുരോഗാശുപത്രിയിൽ നിലനിർത്തേണ്ടതില്ലെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിരുന്നു. കൊല്ലം പുതിയകാവ് നെഞ്ചുരോഗാശുപത്രിയിലെ അസിസ്റ്റന്റ് സർജൻ ഡോ. നഹാസ് സ്വകാര്യ പ്രാക്ടീസ് നടത്തുന്നതായുള്ള പരാതിയിന്മേലുള്ള കൊല്ലം ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസറുടെ അന്വേഷണ റിപ്പോർട്ടിൽ ഡോ. നഹാസ് നെഞ്ചുരോഗാശുപത്രിക്ക് എതിർവശം വീട് വാടകയ്ക്ക് എടുത്ത് കൺസൾട്ടേഷൻ നടത്തുന്നതായി കണ്ടെത്തിയിരുന്നു. ഡോ. നഹാസിന്റെ സേവന കാലയളവായ 15 വർഷത്തിൽ 12 വർഷവും പുതിയകാവ് നെഞ്ചുരോഗാശുപത്രിയിൽ തന്നെയാണ് സേവനം ചെയ്തിട്ടുള്ളത് എന്നതിനാൽ പ്രസ്തുത പരാതികൾ ഒഴിവാക്കുന്നതിനായി ടിയാനെ ദൂരെയുള്ള ഏതെങ്കിലും സ്ഥാപനത്തിലേക്ക് സ്ഥലംമാറ്റം നൽകുന്നത് പരിഗണിക്കാവുന്നതാണെന്നും റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നു. മേൽ സാഹചര്യത്തിൽ ടിയാനെ പ്രസ്തുത സ്ഥാപനത്തിൽ നിന്നും മാറ്റി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ വിജിലൻസ് സെക്ഷനിൽ നിന്നും നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലാണ് ടിയാനെ സ്ഥലംമാറ്റി

നിയമിച്ചത്.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അസിസ്റ്റന്റ് സർജൻമാരുടെ 2024 ലെ പൊതുസ്ഥലംമാറ്റത്തിന്റെ ഭാഗമായിട്ടല്ല ഡോ. നഹാസ് സി. എൻ. -നെ കൊല്ലം കരുനാഗപ്പള്ളി നെഞ്ചുരോഗാശുപത്രിയിൽ നിന്നും ഇടുക്കി നെടുങ്കണ്ടം താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്ക് സ്ഥലംമാറ്റിയിരുന്നത്. അതിനാൽ തന്നെ ടി സ്ഥാപനത്തിൽ മൂന്ന് വർഷം പൂർത്തിയാക്കിയിട്ടില്ല എന്ന ടിയാന്റെ വാദം പരിഗണനാർഹമല്ല. കൊല്ലം കരുനാഗപ്പള്ളി പുതിയകാവ് നെഞ്ചുരോഗാശുപത്രിയിലെ അസിസ്റ്റന്റ് സർജനായ ഡോ. നഹാസിനെതിരെ പരാതികൾ ലഭിച്ചിരുന്നു. ടിയാൻ പന്ത്രണ്ട് വർഷമായി ടി ആശുപത്രിയിൽ തന്നെ തുടരുകയാണെന്നും ടിയാൻ സ്വകാര്യ ചികിത്സാ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പ്രൈവറ്റ് പ്രാക്ടീസ് നടത്തി വരുന്നതായും പരാതിയിൽ പറഞ്ഞിരുന്നു. ആയതിന്മേലുള്ള കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസറുടെ അന്വേഷണ റിപ്പോർട്ടിൽ ഡോ. നഹാസ് നെഞ്ചുരോഗാശുപത്രിക്ക് എതിർവശം വീട് വാടകയ്ക്ക് എടുത്ത് കൺസൾട്ടേഷൻ നടത്തുന്നതായി കണ്ടെത്തിയിരുന്നു. ഡോ. നഹാസിന്റെ സേവന കാലയളവായ 15 വർഷത്തിൽ 12 വർഷവും പുതിയകാവ് നെഞ്ചുരോഗാശുപത്രിയിൽ തന്നെയാണ് സേവനം ചെയ്തിട്ടുള്ളത് എന്നതിനാൽ പ്രസ്തുത പരാതികൾ ഒഴിവാക്കുന്നതിനായി ടിയാനെ ദൂരെയുള്ള ഏതെങ്കിലും സ്ഥാപനത്തിലേക്ക് സ്ഥലംമാറ്റം നൽകുന്നത് പരിഗണിക്കാവുന്നതാണെന്നും റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലും ടിയാന്റെ ആകെ സേവന കാലയളവായ 15 വർഷം കണക്കാക്കിയാൽ അതിൽ 11 വർഷത്തിൽ കൂടുതൽ ഡോ നഹാസ് കൊല്ലം കരുനാഗപ്പള്ളി നെഞ്ചുരോഗാശുപത്രിയിൽ തന്നെയാണ് സേവനം അനുഷ്ഠിച്ചിരുന്നത് എന്നതിനാലും ഭരണപരമായ കാരണത്താലാണ് ടിയാന് സ്ഥലംമാറ്റം നൽകിയിരുന്നത്. മേൽ സാഹചര്യത്തിൽ ഡോ. നഹാസ് സി. എൻ. സമർപ്പിച്ച പരാമർശം (2) അപ്പീൽ അപേക്ഷ നിരസിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. ഡോ. നഹാസ് സി. എൻ., അസിസ്റ്റന്റ് സർജൻ ഫയൽ ചെയ്ത OA 1290/2024-ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (3) ഉത്തരവ് ഇപ്രകാരം അനുവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീന ഷംസുദ്ദീൻ
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം ) കൊല്ലം.

ഡോ. നഹാസ് സി. എൻ., അസിസ്റ്റന്റ് സർജൻ (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Anupama G Nair
Date: 08-11-2024 10:47:20

സെക്ഷൻ ഓഫീസർ

**മേലെഴുത്ത് നം: ഇ.എ2-18270/2024/ആ.വ.ഡ തീയതി:13-11-2024**

സർക്കാർ ഉത്തരവിൻറെ പകർപ്പ് ബന്ധപ്പെട്ട ജീവനക്കാരുടെ അറിവിലേക്കും, അനന്തര നടപടികൾക്കും വെബ്സൈറ്റ് പ്രസിദ്ധീകരണത്തിനുമായി നൽകുന്നു.

Signed by V. Gopakumar
Date: 13-11-2024 11:59:04

ആരോഗ്യ വകുപ്പ് ഡയറക്ടർക്കു വേണ്ടി